13

സഭ:

# അതിന്റെ മൂപ്പന്മാർ, അവരുടെ യോഗ്യതകൾ

**യോഗ്യതകൾ നിശ്ചയിച്ചിരിക്കുന്നു** ______________________________

| നിഷേധമായ സ്വഭാവങ്ങൾ | വാക്യങ്ങൾ | അർത്ഥം |
|---|---|---|
| കലഹിക്കാത്തവൻ (ശണ്ഠയിടാത്തവൻ) | 1 തിമൊ. 3:3 | വഴക്കിടാത്തവൻ (വിവാദമുണ്ടാക്കാത്തവൻ) |
| ദ്രവ്യാഗ്രഹമില്ലാത്തവൻ (ധനലാഭം ഇച്ഛിക്കാത്തവൻ) | 1 തിമൊ. 3:3, തിത്തൊ. 1:7 | അത്യാഗ്രഹമില്ലാത്തവൻ (അധികലാഭം പ്രതീക്ഷിക്കാത്തവൻ) |
| തല്ലുകാരൻ അരുത് | 1 തിമൊ. 3:3; തിത്തൊ. 1:7 | മത്സരിക്കുന്നവൻ അരുത് |
| പുതിയ ശിഷ്യൻ അരുത് | 1 തിമൊ. 3:6 | പുതിയ ശിഷ്യൻ ആകരുത് |
| മദ്യപ്രിയൻ അരുത് | 1 തിമൊ. 3:3; തിത്തൊ. 1:7 | മദ്യത്തിനു അടിമപ്പെട്ടവൻ അരുത് |
| തന്നിഷ്ട-ക്കാരൻ അരുത് | തിത്തൊ. 1:7 | സ്വന്ത വഴിയിൽ ഊന്നുന്നവൻ അരുത് |
| കോപി ആകരുത് | തിത്തൊ. 1:7 | നിർമ്മദൻ |
| **ക്രിയാത്മക സ്വഭാവങ്ങൾ** | | |
| ഉപദേശിപ്പാൻ സമർത്ഥൻ | 1 തിമൊ. 3:2 | ഉപദേശിപ്പാൻ കഴിവുള്ളവനും തയ്യാറുള്ളവനും |
| അനിന്ദ്യൻ | 1 തിമൊ. 3:2; തിത്തൊ. 1:6 | അവനെ കുറിച്ച് എതിരായി ഒന്നും പറയാത്തവൻ |
| ശാന്തൻ | 1 തിമൊ. 3:3 | ക്ഷമയുള്ളവൻ, സൗമ്യൻ |
| അതിഥിപ്രിയൻ | 1 തിമൊ. 3:2 | അപരിചിതരെ സ്നേഹിക്കുന്നവൻ - കരുതുന്നവൻ |
| നല്ല സാക്ഷ്യം കൊണ്ടവൻ | 1 തിമൊ. 3:7 | പുറമെയുള്ളവർ ബഹുമാനിക്കുന്നവൻ |
| വിശ്വാസികളായ മക്കളുള്ളവൻ | തിത്തൊ. 1:6 | വിശ്വസ്തരായ മക്കൾ ഉള്ളവൻ |
| വിശ്വാസ വചനം പിടിച്ചു കൊള്ളുന്നവൻ | 1 തിമൊ. 3:2 | വചനത്തോടു ഭക്തിയുള്ളവൻ |

| | | |
|---|---|---|
| വിശുദ്ധൻ | തിത്തൊ. 1:8 | ഹൃദയത്തിലും ജീവിതത്തിലും ഭക്തിയുള്ളവൻ |
| ഏകഭാര്യയുടെ ഭർത്താവ് | 1 തിമൊ. 3:2; തിത്തൊ. 1:6 | ഒന്നിലധികം ഭാര്യമാർ അരുത് |
| നീതിമാൻ | തിത്തൊ. 1:8 | ഇടപാടുകളിൽ നേരുള്ളവൻ |
| നന്മ പ്രിയപ്പെടുന്നവൻ | തിത്തൊ. 1:8 | നല്ല മനുഷ്യരേയും നല്ലതിനേയും അന്വേഷിക്കുന്നവൻ |
| ക്രമമുള്ളവൻ | 1 തിമൊ. 3:2 | നല്ല പെരുമാറ്റം - മര്യാദയുള്ളവൻ |
| സ്വന്ത കുടുംബത്തെ നന്നായി ഭരിക്കുന്നവൻ (അയാളുടെ കുട്ടികൾ കീഴ്പ്പെട്ടിരിക്കണം) | 1 തിമൊ. 3:4; തിത്തൊ. 1:6 | സ്വന്ത കുടുംബത്തെ ശരിയായി ഭരിക്കുന്നവൻ |
| ഇന്ദ്രിയ - ജയമുള്ളവൻ | തിത്തൊ. 1:8 | സ്വാർത്ഥതമേൽ യജമാനത്വമുള്ളവൻ |
| നിർമ്മദൻ | 1 തിമൊ. 3:2 | ശക്തമാനസൻ - മുൻകരുതലുള്ളവൻ |
| മിതചിത്തൻ | തിത്തൊ. 1:8 | സ്വയം - ത്യജിക്കുന്ന; മദ്യപൻ അരുത് |
| ജാഗരൂകമായവൻ | 1 തിമൊ. 3:2 | സൂക്ഷിക്കുന്നവൻ |
| കുറ്റമില്ലാത്തവൻ | 1 തിമൊ. 3:7 | ഉള്ളിൽ തെറ്റില്ലാത്തവൻ |

## പരിഗണിക്കേണ്ട കാര്യങ്ങൾ ________________________________

1. **ഒരു മൂപ്പന്റെ യോഗ്യതകളിൽ നിഷേധമായി പറഞ്ഞിരിക്കുന്ന സ്വഭാവങ്ങൾ എത്ര?**
2. **യോഗ്യതകളിൽ എത്ര ക്രിയാത്മക സ്വഭാവങ്ങൾ ഉണ്ട്?**
3. **പണവുമായുള്ള ബന്ധത്തിൽ ഏതു സ്വഭാവമാണ് പറഞ്ഞിരിക്കുന്നത്?**
4. **അവന്റെ കുടുംബവുമായുള്ള ബന്ധത്തിൽ പറഞ്ഞിരിക്കുന്ന സ്വഭാവങ്ങൾ ഏവ?**
5. **മറ്റുള്ളവരോടുള്ള - ബന്ധത്തിൽ അതായതു പുറത്തുള്ളവരോടു എങ്ങനെയായിരിക്കണം?**
6. **ദൈവവചനവുമായുള്ള ബന്ധത്തിൽ അവന്റെ സ്വഭാവങ്ങൾ എങ്ങനെ ആയിരിക്കണം?**
7. **ഇന്ദ്രിയ - ജയവുമായി അവൻ ഏതു സ്വഭാവക്കാരനായിരിക്കണം?**
8. **നല്ല തീരുമാനം എടുക്കേണ്ടതുമായി അവന്റെ സ്വഭാവം എങ്ങനെ ആകണം?**
9. **അർത്ഥത്തിൽ ഒന്നുതന്നെ കെട്ടിമറിഞ്ഞു കിടക്കുന്നു എന്നു തോന്നുന്ന സ്വഭാവങ്ങൾ ഏവ?**
10. **"കുറ്റമില്ലാത്തവൻ" എന്നാൽ പാപമില്ലാത്തവൻ ആണോ?**
11. **ഒരു മൂപ്പനു ഈ സ്വഭാവങ്ങൾ എല്ലാം മുഴുവനായും വേണോ, അതോ അവയുമായി ബന്ധപ്പെട്ട അർത്ഥത്തിൽ മതിയോ?**
    a. ഈ സ്വഭാവങ്ങൾ മുഴുവനായും ഉള്ള ഒരു മൂപ്പനെ നിങ്ങൾക്ക് അറിയാമോ?

b. അവയുമായി ബന്ധപ്പെട്ട സ്വഭാവമുള്ള മൂപ്പനെ നിങ്ങൾക്ക് അറിയാമോ?

12. ഒരാൾക്കുമാത്രം മൂപ്പനാകാമോ?

13. മക്കൾ ഒന്നുമില്ലാത്ത ആൾക്കു മൂപ്പനാകാമോ?

14. ക്രിസ്ത്യാനികളാകാത്ത മക്കളുള്ളവർക്കു മൂപ്പനാകാമോ?

15. കഴിയുമെങ്കിൽ, എല്ലാ ക്രിസ്ത്യാനികളും ഈ സ്വഭാവങ്ങൾ നേടിയെടുക്കുവാൻ ശ്രമിക്കേണ്ടേ?

16. അങ്ങനെ എങ്കിൽ, ഒരു മൂപ്പൻ എങ്ങനെ എല്ലാവരേക്കാളും മികച്ചവൻ ആകും?

17. വചനാനുസരണമുള്ള മൂപ്പന്മാരാൽ എങ്ങനെ "പുറത്തുള്ളവർ" സ്വാധീനിക്കപ്പെടും?

18. വചനപ്രകാരമല്ലാത്ത മൂപ്പന്മാർ എങ്ങനെ പുറത്തുള്ളവരാൽ സ്വാധീനിക്കപ്പെടും?

19. ഒരു മൂപ്പനു ആധുനിക മദ്യപാനി ആകാമോ? "നിർമ്മദൻ" എന്നതിന്റെ അർത്ഥം അതാണോ?

20. ഒരു മൂപ്പൻ അടിക്കടി സിനിമ കാണാമോ (തീത്തൊ. 2:7, 8)? അയാൾ ഗുസ്തി മത്സരങ്ങൾ, ഡാൻസുകൾ, അല്ലെങ്കിൽ മദ്യശാലകളിൽ പോകാമോ (1 തെസ. 5:22)?

© 2009 Truth for Today